"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെയും കീഴിലുള്ള ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി (ജി.എൻ.എം), ഓക്സിലിയറി നേഴ്സിംഗ് & മിഡ്വൈഫറി (എ.എൻ.എം) കോഴ്സുകളിലേക്കുള്ള പ്രവേശന പ്രക്രിയ ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതിന് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(സാധാ) നം.1572/2025/H&FWD തീയതി, തിരുവനന്തപുരം, 05-06-2025**

---

പരാമർശം:- 1. എൽ.ബി.എസ്. ഡയറക്ടറുടെ 29.04.2025 തീയതിയിലെ ബി9/851/2025 നമ്പർ കത്ത്

2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06.05.2025 തീയതിയിലെ എം.എസ്3/11391/2025/ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ/ആരോഗ്യ വകുപ്പുകൾക്ക് കീഴിലുള്ള ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി (ജി.എൻ.എം), ഓക്സിലിയറി നേഴ്സിംഗ് & മിഡ്വൈഫറി (എ.എൻ.എം) കോഴ്സുകളിലേക്കുള്ള പ്രവേശന പ്രക്രിയ ഏകജാലക സംവിധാനത്തിലൂടെ സുതാര്യമായി നടത്തുന്നതിനുള്ള ചുമതല എൽ.ബി.എസ് സെന്റർ ഫോർ സയൻസ് & ടെക്നോളജിക്ക് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എൽ.ബി.എസ് ഡയറക്ടർ പരാമർശം (1) പ്രകാരം പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു. ആരോഗ്യ വകുപ്പിന് കീഴിൽ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് പഠനവിഷയമായി 15 നേഴ്സിംഗ് സ്കൂളുകളാണുള്ളത്. നേഴ്സിംഗ് സ്കൂളുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, തിരുവനന്തപുരം | 33 |
| 2 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കൊല്ലം | 30 |
| 3 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, ഇലന്തൂർ, പത്തനംതിട്ട | 27 |
| 4 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, ആലപ്പുഴ | 30 |
| 5 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, മുട്ടം, ഇടുക്കി | 25 |
| 6 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോട്ടയം | 26 |
| 7 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, എറണാകുളം | 38 |
| 8 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, തൃശ്ശൂർ | 37 |
| 9 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, പാലക്കാട് | 30 |

| | | |
|---|---|---|
| 10 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, മഞ്ചേരി, മലപ്പുറം | 30 |
| 11 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കോഴിക്കോട് | 73 |
| 12 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, പനമരം, വയനാട് | 25 |
| 13 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കണ്ണൂർ | 36 |
| 14 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ്, കാഞ്ഞങ്ങാട്, കാസർഗോഡ് | 25 |
| 15 | ഗവ. സ്കൂൾ ഓഫ് നഴ്സിംഗ് ഫോർ SC/ST, ആശ്രാമം, കൊല്ലം | 20 |
| | **ആകെ സീറ്റുകൾ** | **485** |

2. ആരോഗ്യ വകുപ്പിന് കീഴിൽ ഓക്സിലിയറി നേഴ്സിംഗ് & മിഡ്വൈഫറി (എ.എൻ.എം) പഠന വിഷയമായി 4 ട്രെയിനിംഗ് സെന്ററുകളാണുള്ളത്. പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ഗവ. ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്റർ, തൈക്കാട്, തിരുവനന്തപുരം (പട്ടികജാതി പട്ടികവർഗക്കാർക്ക് മാത്രം) | 20 |
| 2 | ഗവ. ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്റർ, തലയോലപ്പറമ്പ്, കോട്ടയം | 25 |
| 3 | ഗവ. ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്റർ, പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട് | 50 |
| 4 | ഗവ. ജെ.പി.എച്ച്.എൻ. ട്രെയിനിങ് സെന്റർ, കാസർഗോഡ് | 25 |
| **ആകെ സീറ്റുകൾ** | | **120** |

3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 3 നേഴ്സിംഗ് കോളേജുകളിൽ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് നടത്തപ്പെടുന്നു. പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | സർക്കാർ നേഴ്സിംഗ് കോളേജ്, തിരുവനന്തപുരം | 30 (പട്ടിക ജാതി വിഭാഗത്തിലെ കുട്ടികൾക്ക് മാത്രം) |
| 2 | സർക്കാർ നേഴ്സിംഗ് കോളേജ്, കോഴിക്കോട് | 30 (പട്ടിക ജാതി വിഭാഗത്തിലെ കുട്ടികൾക്ക് മാത്രം) |
| 3 | സർക്കാർ നേഴ്സിംഗ് കോളേജ്, കോട്ടയം | 30 (പട്ടിക വർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് മാത്രം) |
| | **ആകെ** | **90** |

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-26 അധ്യയന വർഷം മുതൽ

ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 15 സർക്കാർ നേഴ്സിംഗ് സ്കൂളുകളിലെയും 4 ഓക്സിലിയറി നേഴ്സിംഗ് & മിഡ്വൈഫറി ട്രെയിനിങ് സെന്ററുകളിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 3 നേഴ്സിംഗ് കോളേജുകളിലെ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി കോഴ്സിന്റെയും പ്രവേശന പ്രക്രിയ ഏകജാലക സംവിധാനത്തിലൂടെ നടത്താൻ എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 06-06-2025 14:18:33
സെക്ഷൻ ഓഫീസർ

പകർപ്പ്: ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി എസ് - ന്